പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 952 — 08.01.2014 -ലെ മറുപടിക്ക്

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് നടത്തിപ്പിനുള്ള ചുമതല ഏത് കമ്പനിക്കാണെന്ന് വ്യക്തമാക്കുമോ; | (എ) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്. |
| (ബി) ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവർ സർക്കാർ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെടുമ്പോൾ ഒരു ദിവസത്തേക്ക് എത്ര തുകയാണ് ഇൻഷ്വറൻസ് കമ്പനി ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) ഇൻഷ്വറൻസ് കമ്പനി തുക ഈടാക്കുന്നില്ല. |
| (സി) ബെഡ് ചാർജ്, ഡോക്ടർ ഫീസ്, നഴ്സിംഗ് ചാർജ്, നഴ്സിംഗ് അസിസ്റ്റന്റ് ചാർജ് എന്നീ ഇനത്തിൽ കമ്പനി ചാർജ് ഈടാക്കുന്നുണ്ടോ ; പ്രസ്തുത തുക രോഗിയെ ചികിത്സിക്കുന്ന ഡോക്ടർമാർക്കും മറ്റും നല്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) ഇല്ല. പാക്കേജ് റേറ്റിൽ മരുന്ന്, ബെഡ് ചാർജ്, ഡോക്ടർ ഫീസ്, നഴ്സിംഗ് ചാർജ്, നഴ്സിംഗ് അസിസ്റ്റന്റ് ചാർജ് മുതലായ ചികിത്സാ സംബന്ധമായ എല്ലാ ചെലവുകളും ഉൾപ്പെട്ടിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ചികിത്സാ ചെലവിലേക്കായി ലഭിക്കുന്ന തുകയുടെ 5% ആശുപത്രികളിലെ ജീവനക്കാർക്ക് ഇൻസെന്റീവായി നല്കുന്നതിനും വ്യവസ്ഥയുണ്ട്. |
| (ഡി) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് ഓരോന്നിനും ആരോഗ്യ ഇൻഷ്വറൻസ് വകയിൽ കമ്പനി എത്ര തുക കുടിശ്ശിക നല്കാനുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് 30/11/2013 വരെ ഇൻഷ്വറൻസ് കമ്പനി നല്കാനുള്ള തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

അനുബന്ധം

| ക്രമ നമ്പർ | സർക്കാർ മെഡിക്കൽ കോളേജ് | തുക (രൂപയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 73,07,900 |
| 2 | ആലപ്പുഴ | 86,32,575 |
| 3 | കോട്ടയം | 1,01,81,075 |
| 4 | തൃശ്ശൂർ | 31,14,500 |
| 5 | കോഴിക്കോട് | 1,02,24,125 |
| **ക്രമ നമ്പർ** | **സ്വകാര്യ മെഡിക്കൽ കോളേജ്** | **തുക (രൂപയിൽ)** |
| 1 | കോഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്,കളമശ്ശേരി | 20,27,975. |
| 2 | അസീസിയ മെഡിക്കൽ കോളേജ്,കൊല്ലം | 20,41,875 |
| 3 | കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട് | 12,99,850 |
| 4 | മലബാർ മെഡിക്കൽ കോളേജ് ,കോഴിക്കോട് | 31,50,400 |
| 5 | പുഷ്പഗിരി മെഡിക്കൽ കോളേജ്,പത്തനംതിട്ട | 11,01,750 |
| 6 | ശ്രീ ഗോകുലം മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 17,57,375 |
| 7 | എസ്.എം.സി.എസ്.ഐ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 12,93,500 |
| 8 | അമല മെഡിക്കൽ കോളേജ്, തൃശ്ശൂർ | 8,51,775 |
| 9 | ഡി.എം വയനാട് ഇൻസ്റ്റിറ്റ്യൂട്ട് | 11,38,425 |

സെക്ഷൻ ഓഫീസർ